**ചോദ്യോത്തരം**

**മുജീബ്**

# മൗദൂദി നിർമിച്ച വ്യാജ ഹദീസ്?

■ *“രാജ്യത്തിന്റെ ഒറ്റുകാരായ ജമാഅത്തെ ഇസ്‌ലാമിയെ നിരോധിക്കണമെന്നും അവരുടെ പ്രസിദ്ധീകരണ വിഭാഗമായ ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് അടച്ചു പൂട്ടി മുദ്രവെക്കണമെന്നും കോൺഗ്രസ് നേതാവും നിലമ്പൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ ആര്യാടൻ ഷൗക്കത്ത് ആവശ്യപ്പെട്ടു. ‘ഇന്ത്യയെ ആക്രമിക്കുന്നവർക്ക് സ്വർഗം ലഭിക്കും’ എന്ന് അർഥം വരുന്ന ഹദീസ് കളവായി പ്രവാചകന്റെ പേരിൽ എഴുതിച്ചേർത്ത മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയെ താത്ത്വികാചാര്യനായി കൊണ്ട് നടക്കുന്ന പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. അവർ 1992 മുതൽ കേരളത്തിൽനിന്ന് തീവ്രവാദി ഗ്രൂപ്പുകളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്നുണ്ടെന്നും അദ്ദേഹം ആരോപിച്ചു. പാകിസ്താനിലെ മൗദൂദി ഇന്റർനാഷ്നൽ ഇസ്‌ലാമിക് സൊസൈറ്റിയാണ് ചെറുപ്പക്കാരുടെ റിക്രൂട്ട്മെന്റ് നിയന്ത്രിക്കുന്നത്. എൻ.ഡി.എഫിനും ഐ.എസ്.എസ്സിനും മുമ്പുതന്നെ ജമാഅത്തെ ഇസ്‌ലാമിയെ പോലുള്ള സംഘടനകൾ പാവപ്പെട്ട മുസ്‌ലിം ചെറുപ്പക്കാരുടെ മനസ്സിൽ തീവ്രവാദത്തിന്റെ വിഷവിത്തുകൾ വിതച്ചുതുടങ്ങിയിരുന്നുവെന്നും ഇപ്പോൾ ഇന്ത്യാ രാജ്യത്തെ അസ്ഥിരപ്പെടുത്തുന്ന ഏജന്റുമാരുടെ കേന്ദ്രമായി കേരളം മാറിക്കഴിഞ്ഞെന്നും നിയമവാഴ്ച തകർന്ന് തരിപ്പണമായെന്നും അദ്ദേഹം ആരോപിച്ചു”* (മാതൃഭൂമി *ദിനപത്രം, നവംബർ 7, പേജ് 13, കോഴിക്കോട് എഡിഷൻ). ഗുരുതരമായ ഈ ആരോപണങ്ങളോട്* മുജീബിന്റെ *പ്രതികരണം?*

***പി.വി ഉമർ കോയ കല്ലായി, കോഴിക്കോട്***

**‘ഇ**ന്ത്യയെ ആക്രമിക്കുന്നവർക്ക് സ്വർഗം ലഭിക്കും’ എന്ന ഒരു ഹദീസ് ഇല്ല. ഉള്ളത് ഇപ്രകാരമാണ്: നബി(സ) മോചിപ്പിച്ച അടിമയായ ഥൗബാൻ പ്രവാചകനിൽനിന്ന് ഉദ്ധരിക്കുന്നു. “എന്റെ സമുദായത്തിൽനിന്ന് രണ്ട് സംഘങ്ങളെ അല്ലാഹു നരകത്തിൽനിന്ന് സംരക്ഷിച്ചിരിക്കുന്നു. ഒന്ന്, ‘ഹിന്ദി’നോട് പൊരുതുന്ന സംഘം; മറ്റേത് മർയമിന്റെ പുത്രൻ ഈസായോടൊപ്പം പൊരുതുന്ന സംഘവും”. ഇമാം നസാഈ സ്വഹീഹാണെന്ന് സർട്ടിഫൈ ചെയ്ത 3175-ാം നമ്പർ ഹദീസാണിത്. ബൈഹഖിയുടെ *സുനനിൽ* 19071-ാം നമ്പറായും ഇതേ ഹദീസ് ചേർത്തിരിക്കുന്നു. ഇരുപതാം നൂറ്റാണ്ടിലെ ആധികാരിക ഹദീസ് നിരൂപകനും പ്രഗത്ഭ സലഫി പണ്ഡിതനുമായിരുന്ന ശൈഖ് നാസ്വിറുദ്ദീൻ അൽബാനി സ്വഹീഹായ ഹദീസുകളുടെ സമാഹാരത്തിൽ ഹദീസ് സ്വഹീഹ് (പ്രബലം) ആണെന്ന സ്ഥിരീകരണത്തോടെ 1934-ാം നമ്പറായും ഇത് ചേർത്തിരിക്കുന്നു. *മുസ്നദ് അഹ്മദിലും ദഖിറതുൽ ഹുഫാള്* എന്ന സമാഹാരത്തിലുമുണ്ട് ഇതേ ഹദീസ്. അതിനാൽ ഒരർഥത്തിലും ഇത് വ്യാജ ഹദീസല്ല (‘ഹസ്രത്ത് മൗലാനാ ശൈഖുൽ ഹദീസ്’ ആര്യാടൻ ഷൗക്കത്തിന് കൂടുതൽ ആധികാരികമായ വിവരമുണ്ടെങ്കിലൊഴികെ). സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി ആയുഷ്കാലത്തൊരിക്കലും ഒരു വ്യാജ ഹദീസും നിർമിക്കുകയോ അത്തരം ഹദീസുകൾ പ്രമാണമായി ഉദ്ധരിക്കുകയോ ചെയ്തിട്ടില്ല. പ്രത്യുത, സ്വഹീഹായ ഹദീസുകളിൽ പോലും ചിലത് ഉള്ളടക്കത്തെ അടിസ്ഥാനപ്പെടുത്തി നിരാകരിക്കേണ്ടിവരും എന്ന് അഭിപ്രായപ്പെട്ട ആളാണദ്ദേഹം.

ഇനി മുകളിലുദ്ധരിച്ച ഹദീസിനെക്കുറിച്ച്. അന്ത്യനാളിന്റെ ഒട്ടുവളരെ അടയാളങ്ങൾ ഒരുപാട് ഹദീസുകളിൽ വന്നിട്ടുണ്ട്. അതിലൊന്നാണിതും. ഈസായുടെ പുനരാഗമനമാണ് മുഖ്യ വിഷയം. അത് ലോകാന്ത്യത്തിൽ സംഭവിക്കേണ്ടതാണ്. വ്യാജ പ്രവാചകൻ മിർസാ ഗുലാം അഹ്മദിന്റെ തെറ്റായ വാദഗതികൾക്കും ദുർവ്യാഖ്യാനങ്ങൾക്കും മറുപടിയായി സയ്യിദ് മൗദൂദി എഴുതിയ *ഖതുമുന്നുബുവ്വത്* (പ്രവാചകത്വ പരിസമാപ്തി) എന്ന കൃതിയിലാണ് ഈസായുടെ പുനരാഗമനത്തെ പരാമർശിക്കുന്ന 21 ഹദീസുകളുടെ കൂട്ടത്തിൽ ഈ ഹദീസും ചേർത്തിരിക്കുന്നത്. അതിനു മാത്രമായി ഒരു ടിപ്പണിയും അദ്ദേഹം നൽകിയിട്ടില്ല താനും. അതുകൊണ്ടുതന്നെ ഇന്ത്യയെ ആക്രമിക്കാൻ മൗദൂദി നബിവചനം തട്ടിയുണ്ടാക്കി എന്ന ആരോപണം തനി അസംബന്ധമാണ്. എന്നാൽപോലും ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് *പ്രവാചക പരിസമാപ്തി* മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുമ്പോൾ തെറ്റിദ്ധാരണയും തെറ്റായ മുതലെടുപ്പും ഒഴിവാക്കാൻ പ്രസ്തുത ഹദീസ് ഒഴിച്ചുനിർത്തുകയായിരുന്നു. അതിനാൽ അതിന്റെ പേരിൽ രാജ്യത്തെ ഏതെങ്കിലും ലൈബ്രറിയോ പ്രസാധനാലയമോ അടച്ചുപൂട്ടണമെങ്കിൽ ഏതാണ്ടെല്ലാ മസ്ജിദ് ഗ്രന്ഥപുരകളും അറബിക് കേളേജ് ലൈബ്രറികളും അടച്ചുപൂട്ടേണ്ടിവരും. കാരണം നസാഈ, ബൈഹഖി, അഹ്മദ്, അൽബാനി എന്നിവരുടെ ഹദീസ് സമാഹാരങ്ങളില്ലാത്ത മിക്കവാറും ഇസ്‌ലാമിക ഗ്രന്ഥാലയങ്ങൾ ഉണ്ടാവില്ല.

അടുത്ത സംശയം. ഹദീസിൽ പറഞ്ഞ ഹിന്ദ് ഏതാണ്? ഇന്ത്യയാണോ? ആണെങ്കിൽതന്നെ 1400 വർഷങ്ങൾക്ക് മുമ്പ് നബി(സ) നടത്തിയ പ്രവചനം ആധുനിക ഇന്ത്യയെ കുറിച്ചാവുമോ? അഥവാ ഉമവിയ്യ ഭരണകാലത്ത് സിന്ധ് ആക്രമിച്ച മുഹമ്മദുബ്നിൻ ഖാസിമിന്റെ സംഘത്തെക്കുറിച്ചായിരിക്കുമോ പ്രവചനം? സംഗതി അന്ത്യനാളുമായി ബന്ധപ്പെട്ടതാകയാൽ, ദജ്ജാലും ഈസാ നബിയുമൊക്കെ വന്ന് ലോകമാകെ കീഴ്മേൽ മറിയുമ്പോൾ ഉണ്ടാവുന്ന ഒരു സാധ്യതയെ ഓർത്ത് വർത്തമാനകാലത്ത് ആര്യാടൻ കുടുംബത്തിന്റെ രാജ്യസ്നേഹമാകെ അണപൊട്ടി ഒഴുകേണ്ടതുണ്ടോ? മൗദൂദി വിരോധവും ജമാഅത്ത് ശത്രുതയുമൊക്കെ ആവാം. അത് പക്ഷേ ഭ്രാന്തോക്തികളായി മാറാതിരിക്കുന്നത് സ്വന്തം മാനസികാരോഗ്യത്തിന്

നല്ലതാണ്.

പാകിസ്താനിലെ മൗദൂദി ഇന്റർനാഷനൽ ഇസ്‌ലാമിക് സൊസൈറ്റി തീവ്രവാദ പരിശീലന കേന്ദ്രമല്ല; അമേരിക്കയോ ഇന്ത്യയുടെ രഹസ്യാന്വേഷണ ഏജൻസികളോ പോലും തീവ്രവാദ സംഘടനകളുടെ പട്ടികയിൽ അതിനെ ഉൾപ്പെടുത്തിയിട്ടില്ല. ആ സ്ഥാപനത്തിലേക്ക് ഒരു കുട്ടിയെയും കേരള ജമാഅത്തെ ഇസ്‌ലാമി അയച്ചിട്ടില്ല. എൻ.ഡി.എഫുമായി രഹസ്യബാന്ധവം സ്ഥാപിച്ചത് കോൺഗ്രസ്സും യു.ഡി.എഫുമാണ്, ജമാഅത്തെ ഇസ്‌ലാമിയല്ല. തീവ്രവാദത്തിലേക്കോ അധാർമികതയിലേക്കോ വഴിതെറ്റിയ യുവാക്കളെ സമാധാനത്തിലേക്കും നേർവഴിയിലേക്കും നയിച്ച ചരിത്രമാണ് ജമാഅത്തെ ഇസ്‌ലാമിയുടേത്. അതിനാൽ ഇപ്പോൾ തീവ്രവാദികളായി പിടികൂടപ്പെട്ടവരിലും ജമാഅത്തുകാരില്ല. ഉണ്ടാവണമെന്ന ആര്യാടന്മാരുടെ ആഗ്രഹം സഫലമാവാതിരിക്കുമ്പോൾ അവർ പച്ചക്കള്ളങ്ങളെ അഭയം പ്രാപിക്കുകയാണ്. പക്ഷേ, ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വളർച്ച അലോസരപ്പെടുത്തുമ്പോൾ രോഷം കരഞ്ഞുതീർക്കേണ്ട ഗതികേടിലാണവർ.

## മുല്ലപ്പള്ളിയുടെ നെഹ്റു പ്രേമം

■ *"ബ്രിട്ടീഷ് ഭരണത്തിന്റെ സഹായത്തോടെ 1925-ൽ സ്ഥാപിതമായ മതമൗലിക പ്രസ്ഥാനമാണ് ആർ.എസ്.എസ്. ഇതിനെ എതിർക്കാൻ വേണ്ടിയാണ് മൗലാനാ മൗദൂദി ജമാഅത്തെ ഇസ്‌ലാമി സ്ഥാപിച്ചതെന്ന് മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. ആർ.എസ്.എസ്സിനോട് എതിർപ്പുള്ളതോടൊപ്പംതന്നെ മതമൗലിക വാദ പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമിയെ എങ്ങനെയാണ് അനുകൂലിക്കാൻ കഴിയുക എന്ന് ജവഹർലാൽ നെഹ്റു ചോദിച്ചിട്ടുണ്ട്. ഇരു സംഘടനകളെയും നെഹ്റു ഒരുപോലെ എതിർത്തിരുന്നതായും മുല്ലപ്പള്ളി പറഞ്ഞു.*
*മലപ്പുറത്ത് കേരള എൻ.ജി.ഒ അസോസിയേഷൻ സംഘടിപ്പിച്ച സെമിനാറിൽ പ്രസംഗിക്കുകയായിരുന്നു മുല്ലപ്പള്ളി രാമചന്ദ്രൻ" (മാധ്യമം ദിനപത്രം). മുജീബിന്റെ പ്രതികരണം?*

***പി.വി.സി മുഹമ്മദ് പൊന്നാനി***

ബ്രിട്ടീഷ് ഭരണത്തേക്കാളേറെ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിലെ സർദാർ വല്ലഭായ് പട്ടേൽ, പുരുഷോത്തം ദാസ് ഠണ്ഡൻ പോലുള്ള ഹിന്ദുത്വവാദികളാണ് ആർ.എസ്.എസ്സിനെ ഇന്ത്യയിൽ വളർത്തിയത്. സംഘ്പരിവാർ ഇന്നും ആദരിക്കുന്ന ദേശീയ നേതാവ് ജവഹർലാൽ നെഹ്റുവല്ല; സർദാർ പട്ടേലാണ്. പട്ടേൽ ആഭ്യന്തരമന്ത്രിയായിരിക്കെയാണ് ഗാന്ധി വധത്തെ തുടർന്ന് നിരോധിക്കപ്പെട്ട ആർ.എസ്.എസ്സിന്റെ വിലക്ക് എടുത്തുകളഞ്ഞത്. കേരളത്തിൽ ബി.ജെ.പിയുമായി വോട്ട് കച്ചവടം ചെയ്തതും സംഘ്പരിവാർ ബുദ്ധിജീവിയായ ഡോ. മാധവൻ കുട്ടിയെ ബേപ്പൂരിൽ മത്സരിപ്പിച്ചതും മുല്ലപ്പള്ളിയുടെ പാർട്ടിയായിരുന്നു, അതിലെ കാപട്യം പുറത്തുകൊണ്ടുവന്നത് *മാധ്യമ*വും ജമാഅത്തെ ഇസ്‌ലാമിയും.

ആർ.എസ്.എസ് സ്ഥാപിതമായി 15 വർഷങ്ങൾക്കു ശേഷമാണ് 1941-ൽ ജമാഅത്തെ ഇസ്‌ലാമി നിലവിൽവന്നത്. അതിന്റെ രൂപവത്കരണ വേളയിലോ തുടർന്നോ ആർ.എസ്.എസ്സിനെതിരെ മുസ്‌ലിം യുവാക്കളെ സംഘടിപ്പിക്കുകയാണ് ജമാഅത്തിന്റെ ലക്ഷ്യമെന്ന് ഒരിക്കലും എവിടെയും സൂചിപ്പിച്ചിട്ടില്ല. മറിച്ച് സാമുദായിക ധ്രുവീകരണത്തെ ശക്തമായി എതിർക്കുകയാണ് പ്രസ്ഥാനം ചെയ്തത്. വിഭജനം ആസന്നമായപ്പോൾ സയ്യിദ് മൗദൂദി ചെയ്ത പ്രസംഗത്തിൽ ഇന്ത്യയിൽ അവശേഷിക്കാൻ പോകുന്ന പ്രവർത്തകരോട്, വർഗീയമായി സംഘടിക്കുക എന്ന അബദ്ധം ഒരിക്കലും ഇന്ത്യൻ മുസ്‌ലിംകൾ ആവർത്തിക്കരുതെന്നായിരുന്നു ഉദ്ബോധിപ്പിച്ചത്. നാസ്തികനും തീവ്ര മതേതരനുമായിരുന്ന ജവഹർലാൽ നെഹ്റു ജമാഅത്തെ ഇസ്‌ലാമിയെ മാത്രമല്ല മുസ്‌ലിം ലീഗിനെയും എതിർത്തിരുന്നു. കോഴിക്കോട്ട് വന്നപ്പോൾ മുസ്‌ലിം ലീഗിനെ ചത്ത കുതിര എന്നായിരുന്നു നെഹ്റു വിശേഷിപ്പിച്ചത്. ആ ചത്ത കുതിരയോട് സഖ്യം ചെയ്തു ജയിച്ചും ഭരിച്ചും നടന്ന മുല്ലപ്പള്ളി രാമചന്ദ്രന്റെയും പാർട്ടിയുടെയും നെഹ്റു പ്രേമം തനി കാപട്യമല്ലെങ്കിൽ മറ്റെന്താണ്? അല്ലെങ്കിൽ ലീഗിനെകുറിച്ച് നെഹ്റു പറഞ്ഞത് തെറ്റും ജമാഅത്തിനെ എതിർത്തത് മാത്രം ശരിയും എന്നാണോ?

## എൻ.ഡി.എഫ് ലക്ഷ്യവും മാർഗവും മാറ്റിയോ?

■ *"എൻ.ഡി.എഫ് ഭരണഘടനാനുസൃതമായും നിയമവിധേയമായും പ്രവർത്തിക്കുന്ന സംഘടനയാണ്. പാർശ്വവത്കൃത വിഭാഗങ്ങളുടെ ശാക്തീകരണമാണതിന്റെ ലക്ഷ്യം. അതിനു വേണ്ടിയുള്ള രാഷ്ട്രീയ, സാമൂഹിക ഇടപെടലുകളാണ് എൻ.ഡി.എഫ് നടത്തുന്നത്. നീതിനിഷേധങ്ങൾക്കെതിരെ, ജനാധിപത്യപരവും ജനകീയവുമായ പ്രക്ഷോഭങ്ങളാണ് സംഘടനയുടെ രീതി. എന്നിരിക്കെ സംഘ്പരിവാര ശക്തികളുടെ നുണപ്രചാരണങ്ങൾ ഏറ്റെടുത്ത് എൻ.ഡി.എഫിനെതിരെ ചിലർ ഉറഞ്ഞുതുള്ളുന്നത് സംഘടനയുടെ വളർച്ചയിലും സ്വീകാര്യതയിലും അത് സൃഷ്ടിക്കുന്ന സ്വാധീനത്തിലും വേവലാതിപൂണ്ടാണ്." ('ഭീകരത സൃഷ്ടിച്ച് കേരളത്തെ തകർക്കരുത്' എന്ന തലക്കെട്ടിൽ എൻ.ഡി.എഫ് പുറത്തിറക്കിയ ലഘുലേഖയിൽനിന്ന്). സംഘടനയുടെ ഈ പുതിയ രീതിയോട് എങ്ങനെ പ്രതികരിക്കുന്നു?*

***പി. അബ്ദുഷുക്കൂർ മഞ്ഞപ്പെട്ടി***

തത്ത്വം മാത്രമല്ല പ്രയോഗവും കൂടി നോക്കിയാണ് ഏത് സംഘടനയും വിലയിരുത്തപ്പെടുക. എൻ.ഡി.എഫിന്റെ അജണ്ടയിൽ 'പ്രതിരോധം' അവർ വ്യക്തമായും പരസ്യമായും പ്രഖ്യാപിച്ചിട്ടുണ്ട്. തദനുസൃതമായി യുവാക്കളെ പരിശീലിപ്പിക്കുകയും കർമരംഗത്തിറക്കുകയും ചെയ്തിട്ടുമുണ്ട്. ഒട്ടേറെ കൊലപാതകക്കേസുകളിൽ എൻ.ഡി.എഫുകാർ പ്രതികളായത് യാദൃഛികമല്ലല്ലോ. സാമുദായിക ധ്രുവീകരണപരമെന്ന് മറ്റുള്ളവർക്ക് കരുതാവുന്ന പ്രചാരണവും സംഘടന നടത്തിയിട്ടുണ്ട്, നടത്തുന്നുമുണ്ട്. സായുധ പ്രതിരോധത്തെ ശക്തമായി ന്യായീകരിക്കുന്ന രചനകളും എൻ.ഡി.എഫിന്റേതായിട്ടുണ്ട്. ഇതൊക്കെ നിലനിൽക്കെ വിലയിരുത്തലുകൾ മുഴുക്കെ നുണപ്രചാരണങ്ങളാണെന്ന സാമാന്യവത്കരണം സത്യസന്ധമല്ല.

## ഷാനവാസിന് വോട്ട്?

■ *"കഴിഞ്ഞ ലോക്‌സഭാ തെരഞ്ഞെടുപ്പിൽ ചിറയിൻകീഴിൽ മത്സരിച്ച കോൺഗ്രസ് നേതാവ് എം.ഐ ഷാനവാസിനേക്കാൾ മൂല്യം വർക്കല രാധാകൃഷ്ണനിൽ കണ്ടവരാണ് ജമാഅത്തെ ഇസ്‌ലാമിക്കാരെന്ന് ആര്യാടൻ മുഹമ്മദ് എം.എൽ.എ. മൂല്യം നോക്കി വോട്ട് ചെയ്യുമെന്ന് പ്രഖ്യാപിച്ച ജമാഅത്തുകാർ അഞ്ചുനേരം നമസ്കരിക്കുന്ന ഷാനവാസിനെതിരെയാണ് വോട്ട് ചെയ്തത്. ജമാഅത്തെ ഇസ്‌ലാമി എന്നും കോൺഗ്രസ് വിരുദ്ധരായിരുന്നെന്നും മലപ്പുറത്തെ 'ഭീകരവാദവും ന്യൂനപക്ഷങ്ങളും' എന്ന സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് ആര്യാ*

*ടൻ പറഞ്ഞു" (മാധ്യമം, നവംബർ 17). മുജീബിന്റെ പ്രതികരണം?*

***ഉമർ കോയ പന്നിയങ്കര***

ജമാഅത്തെ ഇസ്‌ലാമി മൂല്യാധിഷ്ഠിത രാഷ്ട്രീയ നിലപാടുമായി തെരഞ്ഞെടുപ്പിൽ വോട്ട് നൽകാൻ തീരുമാനിച്ചപ്പോൾ തന്നെ ജാതിയോ മതമോ മതനിഷ്ഠയോ അല്ല മൂല്യവിവേചനത്തിനാധാരമാവുക എന്ന് ചൂണ്ടിക്കാട്ടിയിരുന്നു. പൊതുജീവിതത്തിലെ സംശുദ്ധിയും മതന്യൂനപക്ഷത്തോടുള്ള അനുകൂല സമീപനവും വർഗീയ ഫാഷിസത്തോടുള്ള എതിർപ്പുമാണ് പ്രധാന മൂല്യങ്ങളായി പരിഗണിച്ചത്. അതുപ്രകാരം ലഭിച്ചേടത്തോളം വിവരങ്ങളുടെ വെളിച്ചത്തിൽ മതേതര പാർട്ടികളുടെ സ്ഥാനാർഥികൾക്ക് വോട്ട് ചെയ്തു. ഈ മാനദണ്ഡപ്രകാരം വർക്കല രാധാകൃഷ്ണന് വോട്ട് ചെയ്തത് തെറ്റായിപ്പോയി എന്ന് തോന്നിയിട്ടില്ല. അന്ന് അദ്ദേഹത്തിന്റെ പ്രതിയോഗിയായിരുന്ന എം.ഐ ഷാനവാസിന് പിന്നീട് ജമാഅത്ത് വോട്ട് നൽകിയിട്ടുമുണ്ട്. അക്കാര്യം ആര്യാടൻ സൗകര്യപൂർവം മറന്നത് ജമാഅത്തിന്റെ വോട്ട് തന്റെ പാർട്ടി ഒരിക്കലും തേടിയിട്ടില്ലെന്ന കള്ളം മൂടിവെക്കാനാണ്. ഏറ്റവും ഒടുവിൽ തെരഞ്ഞെടുപ്പ് നടന്ന സംസ്ഥാനങ്ങളിലും പലേടത്തും ബി.ജെ.പി സ്ഥാനാർഥികൾക്കെതിരെ കോൺഗ്രസ്സുകാരെയാണ് ജമാഅത്ത് പിന്തുണച്ചത്.

## ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയ പ്രവേശം

■ *"ഇന്ത്യയിലെ ജനാധിപത്യ സംവിധാനത്തെ നിരാകരിക്കുകയും വോട്ട് രേഖപ്പെടുത്തൽ പോലും അനിസ്‌ലാമികമാണെന്ന പ്രചാരണം നടത്തുകയും ചെയ്ത ജമാഅത്തെ ഇസ്‌ലാമി ഇപ്പോൾ രാഷ്ട്രീയ പ്രവേശത്തിനൊരുങ്ങുന്ന സാഹചര്യത്തിൽ സമൂഹത്തോട് മാപ്പു പറയണമെന്ന് എസ്.കെ.എസ്.എസ്.എഫ് മലപ്പുറം ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. പുതിയ രാഷ്ട്രീയ പാർട്ടി രൂപവത്കരണം സമൂഹത്തിൽ കൂടുതൽ ഭിന്നിപ്പുണ്ടാക്കാനും വരുംതെരഞ്ഞെടുപ്പുകളിൽ ഫാഷിസ്റ്റുകൾക്ക് കൂടുതൽ സൗകര്യമൊരുക്കാനും മാത്രമേ ഉപകരിക്കൂ എന്ന് യോഗം അഭിപ്രായപ്പെട്ടു" (മാധ്യമം). രാഷ്ട്രീയ പാർട്ടി രൂപീകരിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ ഇത്തരം എതിർപ്പുകളോട് ജമാഅത്ത് എങ്ങനെ പ്രതികരിക്കുന്നു?*

***റഫീഖ് ജിദ്ദ***

ജമാഅത്തെ ഇസ്‌ലാമി രാഷ്ട്രീയ പാർട്ടി രൂപവത്കരിച്ചിട്ടില്ല, രൂപവത്കരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടേയുള്ളൂ. അതിന്റെ പേര്, പതാക, ലക്ഷ്യം, നയം, പരിപാടി, ഘടന എന്നീ കാര്യങ്ങളൊന്നും തീരുമാനിക്കപ്പെട്ടിട്ടില്ല. അതിന് മുമ്പേ എതിർപ്പുമായി ഇറങ്ങിയിരിക്കുകയാണ് ചില മതസംഘടനകൾ. ഇഷ്ടമില്ലാ അച്ചി തൊട്ടതെല്ലാം കുറ്റം. 1956ലാണ് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിക്ക് ആദ്യമായി ഭരണഘടന ഉണ്ടാവുന്നത്. അറുപതുകളിൽതന്നെ അത് മതനിരപേക്ഷ ജനാധിപത്യത്തിനുള്ള പിന്തുണ രേഖാമൂലം പ്രഖ്യാപിച്ചു. 1977-ൽ അടിയന്തരാവസ്ഥയുടെ നിഴലിൽ നടന്ന തെരഞ്ഞെടുപ്പിലാണ് ജനാധിപത്യ പുനഃസ്ഥാപനത്തിനായി വോട്ട് വിനിയോഗിച്ചത്. 1986 മുതൽ എല്ലാ തെരഞ്ഞെടുപ്പുകളിലും മതനിരപേക്ഷ ജനാധിപത്യ കക്ഷികളുടെ സ്ഥാനാർഥികൾക്ക് വോട്ട് നൽകിവരുന്നു. ഇതൊന്നും തെറ്റോ അപകടകരമോ ആയിരുന്നില്ലെങ്കിൽ നിർദിഷ്ട രാഷ്ട്രീയ പാർട്ടിയെയും പിറവിക്ക് മുമ്പേ അപകടമായി കാണേണ്ടതില്ല. പിറന്ന് വീണശേഷം നയനിലപാടുകളുടെ വെളിച്ചത്തിൽ അനുകൂലിക്കുകയോ എതിർക്കുകയോ ആണ് സാമാന്യ മര്യാദ. ■